# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*290** **22.02.2016 ൽ മറുപടിയ്ക്ക്**

## ഏലം കർഷകർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.തോമസ് ചാണ്ടി :<br>ശ്രീ. എ.കെ. ശശീന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) ഇടുക്കിയിലെ ഏലം കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഏലത്തിന് വിലകുറയുന്നത് കർഷകർക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്. |
| (ബി) എങ്കിൽ ഏലം കർഷകരെ പ്രസ്തുത ദുരിതത്തിൽ നിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) ഏലം കർഷകരെ ദുരിതത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഏലം വിപണനത്തിനു സഹായകമായ വിവിധ പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.<br>e -ലേലം, സ്പൈസസ് പാർക്കിന്റെ പ്രവർത്തനം എന്നിവയൊക്കെ ഏലം കർഷകർക്ക് പ്രയോജനകരമായ സംഗതികളാണ്. |
| (സി) ഏലത്തിന്റെ വിലയിടിവ് പ്രകൃതി ദുരന്തമായി കണക്കാക്കി ,കർഷകരുടെ വായ്പയ്ക്ക് രണ്ടുവർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും പുനക്രമീകരണം നടത്തുകയും ചെയ്ത് പലിശ സർക്കാർ ഏറ്റെടുക്കണമെന്ന പ്ലാന്റേഷൻ ഫെഡറേഷൻ ചെയർമാന്റെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) വിശദമായി പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ